ചെറുകോൽ പഞ്ചായത്ത് വിജയികൾ

വാർഡ് 1. പ്രദീപ് (എൻഡിഎ), 2. എസ് ചിന്താമണി അമ്മ (എൻഡിഎ), 3. ഗീതാകുമാരി (എൻഡിഎ), 4. അനൂപ് വയലത്തല (യുഡിഎഫ്), 5. അന്നമ്മ ജോസഫ് (യുഡിഎഫ്), 6. ചിത്ര വിനോദ് (എൻഡിഎ), 7. ഷീജ മാത്യു (എൽഡിഎഫ് സ്വതന്ത്ര), 8. മിനി (എൽഡിഎഫ്), 9. സാം പി തോമസ് (എൽഡിഎഫ്), 10. എം ടി ജെസി (എൽഡിഎഫ്), 11. അജീന നജീബ് (എൽഡിഎഫ്), 12. അജിത്കുമാർ (എൽഡിഎഫ്), 13. കൃഷ്ണകുമാരി (എൻഡിഎ), 14. ഒ പി സുരേഷ് (എൽഡിഎഫ്).

പ്രകാശം പകരുന്ന കൈകൾ

ഇടയാറൻമുള എഎംഎം ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ നേതൃത്വത്തിൽ എൽഇഡി ബൾബ് നിർമിക്കുന്നു

കോഴഞ്ചേരി

ഇടയാറൻമുള എഎംഎം ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ നേതൃത്വത്തിൽ എൽഇഡി ബൾബ് നിർമാണവും പുനരുപയോഗവും ലക്ഷ്യമാക്കി നവീനപദ്ധതി നടപ്പാക്കി. വീടുകളിൽനിന്നുള്ള ഫ്യൂസായ എൽഇഡി ബൾബുകൾ ശേഖരിച്ച് തകരാറുകൾ കണ്ടെത്തി വീണ്ടും പ്രവർത്തനക്ഷമമാക്കുന്നതിലൂടെ ഇ–വേസ്റ്റ് കുറയ്ക്കാനും പരിസ്ഥിതിബോധം വളർത്താനും സഹായകമായി.

സ്കൂളിലെ സംഗീത അധ്യാപകൻ ടി സി അജിത്ത് കുമാറിന്റെ പരിശീലനത്തിൽ കുട്ടികൾക്ക് പ്രായോഗിക ഇലക്ട്രോണിക് അറിവും നൽകി. കൈറ്റ്സ് മെന്റർമാരായ ആശ പി മാത്യു, ലക്ഷ്മി പ്രകാശ് എന്നിവർ കുട്ടികൾക്ക് പിന്തുണയും മാർഗനിർദേശവും നൽകി.

തിരുവല്ലയിൽ സാന്റാ ഹാർമണി ഇന്ന്

തിരുവല്ല

തിരുവല്ലയിൽ സാന്റാ ഹാർമണിയും സ്നേഹസംഗമവും വെള്ളിയാഴ്ച നടക്കും. വൈകിട്ട് നാലിന് തിരുവല്ല രാമഞ്ചിറ ബൈപ്പാസ് ജങ്ഷനിൽ നടക്കുന്ന സമ്മേളനം ഡോ. തിയോഡോഷ്യസ് മാർത്തോമ മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്യും. അഡ്വ. മാത്യു ടി തോമസ് എംഎൽഎ റാലി ഫ്ലാഗ് ഓഫ് ചെയ്യും. തിരുവല്ല നഗരമധ്യത്തിലൂടെ വരുന്ന ഘോഷയാത്ര സെന്റ് ജോൺസ് മെത്രാപ്പൊലീത്തൻ കത്തീഡ്രലിൽ സമാപിക്കും.

സംസ്കൃത അധ്യാപക ഒഴിവ്

ഓമല്ലൂർ

ഓമല്ലൂർ പന്ന്യാലി ഗവ. യുപി സ്കൂളിൽ യുപി സംസ്കൃതം (പാർട്ട് ടൈം) തസ്തികയിൽ ദിവസ വേതനത്തിൽ അധ്യാപക ഒഴിവ്. താൽപര്യമുള്ളവർ വെള്ളി പകൽ 11ന് സ്കൂളിൽ നടക്കുന്ന അഭിമുഖത്തിൽ അസ്സൽ സർട്ടിഫിക്കറ്റുകളുമായി പങ്കെടുക്കണം

കരുതലിന്റെ ‘സ്നേഹിത’ ഒമ്പതാം വയസിലേക്ക്

പരിഗണിച്ചത് 3,682 പരാതി

സ്വന്തം ലേഖിക

പത്തനംതിട്ട

അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കരുതലേകി കുടുംബശ്രീയുടെ ജെൻഡർ ഹെൽപ് ഡെസ്ക് ‘സ്നേഹിത’ ഒമ്പതാം വർഷത്തിലേക്ക് കടക്കുമ്പോൾ ഇതുവരെ കൈകാര്യം ചെയ്തത് 3,682 പരാതികൾ. 2017–18ൽ ആരംഭിച്ച ഹെൽപ്പ് ഡെസ്ക് ഗാർഹികപീഡനം, കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പോക്സോ കേസുകൾ, വൃദ്ധരുടെ പരാതികൾ അടക്കമുള്ളവ ഇതിനകം കൈകാര്യം ചെയ്തുകഴിഞ്ഞു. ഇതിൽ കൂടുതൽ കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. എട്ടുവർഷത്തിൽ ജില്ലയിൽ സ്നേഹിത കൈകാര്യം ചെയ്തത് കുട്ടികളുമായി ബന്ധപ്പെട്ട 465 പരാതികളാണ്.

സ്നേഹിത
കൈവിടില്ല കൂട്ടുണ്ട് സ്നേഹിത...

2017-18മുതൽ 2025-26 വരെ ജില്ലയിൽ രജിസ്റ്റർ ചെയ്ത പരാതികൾ

ഗാർഹികാതിക്രമം: 373
കൗൺസിലിങ് നൽകിയത്: 1738
കുട്ടികളുടെ പ്രശ്നം: 465
പോക്സോ: 45
വൃദ്ധരുടെ പ്രശ്നം: 193
താൽക്കാലിക സംരക്ഷണം: 382
മറ്റുള്ളവ : 486

നേരിട്ടുള്ള കേസുകൾ : 1603
ഫോൺ വഴി റിപ്പോർട്ട് ചെയ്ത കേസുകൾ : 2079
ആകെ: 3682

ജില്ലയിലെ കൗമാരപ്രായക്കാരായ വിദ്യാർഥികൾക്ക് വ്യക്തിപരവും പെരുമാറ്റപരവും കുടുംബപരവും പഠനപരവുമായ പ്രശ്നങ്ങൾ പരിഹാരമൊരുക്കാൻ സഹായിക്കാൻ സ്നേഹിതയുടെ സേവനം വ്യാപിപ്പിക്കൻ സ്നേഹിത @സ്കൂളും ആരംഭിച്ചിരുന്നു. ജില്ലയിലാകെ 12 സ്കൂളുകളിൽ സ്നേഹിത സെന്ററുകൾ പ്രവർത്തിക്കുന്നു. പൊലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ട് ചെയ്യുന്ന കുടുംബ പ്രശ്നങ്ങളിൽ കാൺസലിങ്, മാനസികപിന്തുണ എന്നിവ നൽകുന്നുമുണ്ട്. കുടുംബശ്രീയും ആഭ്യന്തര വകുപ്പും സംയുക്തമായി ജില്ലയിലെ ഡിവൈഎസ്പി ഓഫീസുകളായ തിരുവല്ല, റാന്നി, കോന്നി, പത്തനംതിട്ട എന്നിവിടങ്ങളിലും പന്തളം, കൊടുമൺ പൊലീസ് സ്റ്റേഷനുകളിലുമായി ആകെ ഏഴ് സ്നേഹിത പൊലീസ് സ്റ്റേഷൻ എക്സ്റ്റൻഷൻ സെന്ററുകളും ജില്ലയിൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്താദ്യമായി സ്നേഹിത എക്സ്റ്റൻഷൻ സെന്റർ പ്രവർത്തനം തുടങ്ങിയത് അടൂർ ഡിവൈഎസ്പി ഓഫീസിലായിരുന്നു.

സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക് വാർഷികാഘോഷം കുടുംബശ്രീ കുളനട പ്രീമിയം കഫെ ഹാളിൽ വ്യാഴം രാവിലെ 10.30ന് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും.

കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം
KERALA BANK Kerala State Co-operative Bank
റീജിയണൽ ഓഫീസ്, ആലപ്പുഴ
ആലപ്പുഴ – 688 001 ഫോൺ: 0477 -2251682, 683, 684, ഇ–മെയിൽ: alpro@keralabank.co.in, alprorecovery@keralabank.co.in

വസ്തു ഇ–ലേല വിൽപ്പന പരസ്യം

സെക്യൂരിറ്റൈസേഷൻ & റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, റൂൾ 8(6) പ്രകാരം ബാങ്ക് കൈവശപ്പെടുത്തിയ വസ്തുവിന്റെ ഇ-ലേല വിൽപ്പന നോട്ടീസ് (ഓൺലൈൻ മുഖാന്തിരം). താഴെ പട്ടികയിൽ പറയുന്ന വസ്തുവകകൾ SARFAESI Act 2002 പ്രകാരം ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവരവസ്തു, വസ്തുവിന്റെ നിലവിലുള്ള സ്ഥിതിയിൽ അതായത് 'എവിടെയാണോ, എങ്ങനെയാണോ, ഏതൊക്കെയാണോ' എന്ന അടിസ്ഥാനത്തിൽ **22.01.2026-ാം തീയതി രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് ശേഷം 3.00 മണി വരെ** വിൽപ്പന നടത്തുന്ന വിവരം വായ്പക്കാരേയും ജാമ്യക്കാരേയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ക്രമ നമ്പർ	വായ്പക്കാരുടെ/ജാമ്യക്കാരുടെ പേരും മേൽ വിലാസവും	ശാഖ, വായ്പ നമ്പർ, ബാക്കി നിൽപ് തുക	റിസർവ്വ് തുക	ഇ.എം.ഡി തുക	ഈട് വസ്തു സംബന്ധിച്ച വിവരങ്ങൾ
1	(1) **സജീന കെ.**, മുല്ലൂർ പുത്തൻവീട്, മണ്ണടി പി.ഒ., അടൂർ. (2) **നവാസ്**, മുല്ലൂർ പുത്തൻവീട്, മണ്ണടി പി.ഒ., അടൂർ. (3) **സുഹറ ബീവി**, മുല്ലൂർ പുത്തൻവീട്, മണ്ണടി പി.ഒ., അടൂർ.	ഏനാത്ത് 117860356000116 13.11.2025 ൽ Rs.16,36,928/-	Rs. 3,15,000/-	Rs. 31,500/-	സജീനയുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, കടമ്പനാട് വില്ലേജിൽ റീ സർവ്വേ നമ്പർ 163/113ൽ ഉൾപ്പെട്ട 10.30 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: സൈനബ ബീവി വക വസ്തു. **തെക്ക്**: നടവഴി, **പടിഞ്ഞാറ്**: സുഹറത്ത് ബീവി വക വസ്തു, **വടക്ക്**: ഇസ്മായിൽ വക വസ്തു.
2	(1) **സീമ കൃഷ്ണൻ**, കൃഷ്ണ വിലാസം, കൈതപറമ്പ് പി.ഒ., ഏനാത്ത്.	ഏനാത്ത് 117860356000791 13.11.2025 ൽ Rs. 20,59,504/-	Rs. 8,00,000/-	Rs. 80,000/-	സീമ കൃഷ്ണന്റെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, ഏനാത്ത് വില്ലേജിൽ റീ സർവ്വേ നമ്പർ 494/7-2ൽ ഉൾപ്പെട്ട 6.10 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: വഴി, **തെക്ക്**: മോളി വക വസ്തു, **പടിഞ്ഞാറ്**: ഉഷ വക വസ്തു, **വടക്ക്**: ഉഷ വക വസ്തു.
3	(1) **ഷബാന ബീഗം**, തുമ്പാറ, മണ്ണടി പി.ഒ., അടൂർ. (2) **ഷാനവാസ്**, തുമ്പാറ, മണ്ണടി പി.ഒ., അടൂർ. (3) **ഷൈലജ**, തുമ്പാറ, മണ്ണടി പി.ഒ., അടൂർ.	ഏനാത്ത് 117860356001198 13.11.2025 ൽ Rs. 76,84,303/-	Rs. 30,00,000/-	Rs. 3,00,000/-	ഷാനവാസ്, ഷൈലജ എന്നിവരുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, കടമ്പനാട് വില്ലേജിൽ, റീ സർവ്വേ നമ്പർ 296/14ൽ ഉൾപ്പെട്ട 1.80 ആർ സ്ഥലവും പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, കടമ്പനാട് വില്ലേജിൽ, റീ സർവ്വേ നമ്പർ 534/11ൽ ഉൾപ്പെട്ട 24.30 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: വസ്തു 1: കിഴക്ക്**: പഞ്ചായത്ത് റോഡ്. **തെക്ക്**: മജീദ് വക വസ്തു, **പടിഞ്ഞാറ്**: സെക്കുമ്മാൾ വക വസ്തു, **വടക്ക്**: ഏനാത്ത്- കടമ്പനാട് റോഡ്. **അതിരുകൾ: വസ്തു 2: കിഴക്ക്**: തോട്. **തെക്ക്**: സുരേന്ദ്രൻ വക വസ്തു, **പടിഞ്ഞാറ്**: റോഡ്, **വടക്ക്**: പഞ്ചായത്ത് റോഡ്.
4	(1) **ജോബിമോൻ ജോണി**, ജോബി വില്ല, മങ്ങാരം, കോന്നി (2) **ജൂബി ജോബി**, ജോബി വില്ല, മങ്ങാരം, കോന്നി	കോന്നി 118660356001097 13.11.2025 ൽ Rs. 40,58,563/-	Rs. 17,50,000/-	Rs. 1,75,000/-	ജോബിമോൻ ജോണിയുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോന്നി താലൂക്കിൽ, കോന്നി വില്ലേജിൽ റീ സർവ്വേ നമ്പർ 442/23/62ൽ ഉൾപ്പെട്ട 12.55 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: ബേബി വക വസ്തു. **തെക്ക്**: നെടുവിനാൽക്കുഴി റോഡ്, **പടിഞ്ഞാറ്**: ജോയ് ചാരുമൂട്ടിൽ വക വസ്തു, **വടക്ക്**: കണ്ണംകര രാജു വക വസ്തു.
5	(1) **രേഷ്മ രവീന്ദ്രൻ**, തോപ്പിൽ വീട്, മുണ്ടുകോട്ടക്കൽ പി.ഒ. (2) **ദിനേഷ് ഡി.**, തോപ്പിൽ വീട്, മുണ്ടുകോട്ടക്കൽ പി.ഒ. (3) **ശാന്തമ്മ**, തോപ്പിൽ വീട്, മുണ്ടുകോട്ടക്കൽ പി.ഒ. (4) **സോമൻ കെ.കെ.**, തോപ്പിൽ വീട്, മുണ്ടുകോട്ടക്കൽ പി.ഒ. (5) **സൗദാമിനി**, തോപ്പിൽ വീട്, മുണ്ടുകോട്ടക്കൽ പി.ഒ.	കോന്നി 118660356002593 13.11.2025 ൽ Rs. 42,07,362/-	Rs. 66,50,000/-	Rs. 6,65,000/-	ദിനേഷ് ഡി., സോമൻ എന്നിവരുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോന്നി താലൂക്കിൽ, ഐരവൺ വില്ലേജിൽ റീ സർവ്വേ നമ്പർ 131/3ൽ ഉൾപ്പെട്ട 38.45 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: സജി വക വസ്തു. **തെക്ക്**: റോഡ്, **പടിഞ്ഞാറ്**: മമ്മക്കണ്ണ് വക വസ്തു, **വടക്ക്**: മമ്മക്കണ്ണ് വക വസ്തു.
6	(1) **സന്തോഷ് മാത്യു**, തറയിലേത്ത് വീട്, പെരിഞ്ഞോട്ടക്കൽ പി.ഒ., കോന്നി. (2) **ശോശാമ്മ മാത്യു**, തറയിലേത്ത് വീട്, പെരിഞ്ഞോട്ടക്കൽ പി.ഒ., കോന്നി. (3) **മേരിക്കുട്ടി സി.എ.**, തറയിലേത്ത് വീട്, പെരിഞ്ഞോട്ടക്കൽ പി.ഒ., കോന്നി.	കോന്നി 118660356000474 13.11.2025 ൽ Rs. 65,07,748/-	Rs. 40,00,000/-	Rs. 4,00,000/-	സന്തോഷ് മാത്യുവിന്റെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോന്നി താലൂക്കിൽ, കോന്നി വില്ലേജിൽ, റീ സർവ്വേ നമ്പർ 164/8-2-1ൽ ഉൾപ്പെട്ട 04.05 ആർ സ്ഥലവും പ്രമാടം വില്ലേജിൽ, റീ സർവ്വേ നമ്പർ 383/18ൽ ഉൾപ്പെട്ട 4.05 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: വസ്തു 1: കിഴക്ക്**: പഞ്ചായത്ത് റോഡ്. **തെക്ക്**: നാരായണൻ പിള്ള വക വസ്തു, **പടിഞ്ഞാറ്**: മോനി വക വസ്തു, **വടക്ക്**: പഞ്ചായത്ത് റോഡ്. **അതിരുകൾ: വസ്തു 2: കിഴക്ക്**: ഇബ്രാഹിം വക വസ്തു. **തെക്ക്**: PWD റോഡ്, **പടിഞ്ഞാറ്**: ജോർജ്ജ് മാത്യു വക വസ്തു, **വടക്ക്**: ജോർജ്ജ് മാത്യു വക വസ്തു.
7	(1) **മഹേഷ് പി.എം.**, പുത്തൻപുരക്കൽ ഹൗസ്, തലച്ചിറ, ഏറം പി.ഒ. (2) **സേതുലക്ഷ്മി**, പുത്തൻപുരക്കൽ ഹൗസ്, തലച്ചിറ, ഏറം പി.ഒ.	പുതുകുളം 121260459200015 13.11.2025 ൽ Rs.8,25,611/-	Rs. 12,00,000/-	Rs. 1,20,000/-	മഹേഷ് പി.എമ്മിന്റെ പേരിൽ പത്തനംതിട്ട ജില്ലയിൽ, റാന്നി താലൂക്കിൽ, വടശ്ശേരിക്കര വില്ലേജിൽ റീ സർവ്വേ നമ്പർ 345/14ൽ ഉൾപ്പെട്ട 6.35 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: റോഡ്. **വടക്ക്**: റോഡ്. **തെക്ക്**: രാംലാൽ പുത്തൻപുരയിൽ വക വസ്തു, **പടിഞ്ഞാറ്**: ബിനുപ്രസാദ് കലഷമണ്ണി.
8	(1) **സുമി ബി. രാജ്**, ആനത്താണികിഴക്കെ ചരുവിൽ, കുമ്പളംപൊയ്ക പി.ഒ., (2) **രാജൻ എ.എസ്.**, ആനത്താണികിഴക്കെ ചരുവിൽ, കുമ്പളംപൊയ്ക പി.ഒ., (3) **ലളിതരാജൻ**, ആനത്താണികിഴക്കെ ചരുവിൽ, കുമ്പളംപൊയ്ക പി.ഒ.	പുതുകുളം 121260471000105 13.11.2025 ൽ Rs.11,48,426.50	Rs. 16,85,000/-	Rs. 1,68,500/-	എ. എസ്. രാജൻ & ലളിത രാജൻ എന്നിവരുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോന്നി താലൂക്കിൽ, മലയാലപ്പുഴ വില്ലേജിൽ, റീ സർവ്വെ നമ്പർ 260/7 ൽ ഉൾപ്പെട്ട 67.40 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: കളർ വീട് & ബിനു വക വസ്തു, **തെക്ക്**: ഭാർഗവൻ വക വസ്തു, **പടിഞ്ഞാറ്**: അമ്മിണി വക വസ്തു, **വടക്ക്**: തോട്.
9	(1) **സുനിത കെ.**, ചെമ്മണ്ണുംകുന്നേൽ, വള്ളിയാനി കുമ്പളംപൊയ്ക പി.ഒ., (2) **ശ്രീനികൃഷ്ണൻ**, ചെമ്മണ്ണുംകുന്നേൽ, വള്ളിയാനി കുമ്പളംപൊയ്ക പി.ഒ.	പുതുകുളം 121260356000729 13.11.2025 ൽ Rs. 6,73,217/-	Rs. 12,25,000/-	Rs. 1,22,500/-	സുനിത കെ. പേരിൽ പത്തനംതിട്ട ജില്ലയിൽ, കോന്നി താലൂക്കിൽ, മലയാലപ്പുഴ വില്ലേജിൽ, റീ സർവ്വെ നമ്പർ 91/4 ൽ ഉൾപ്പെട്ട 24.50 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: മുരളീധരൻ വക വസ്തു, **തെക്ക്**: കാർത്തികേയൻ വക വസ്തു, **പടിഞ്ഞാറ്**: റോഡ്, **വടക്ക്**: മുരളീധരൻ വക വസ്തു.
10	(1) **ബിന്ദു വിനോദ്**, ഞാറമൂട്ടിൽ വീട്, മെഴുവേലി പി.ഒ., (2) **വിനോദ്**, ഞാറമൂട്ടിൽ വീട്, മെഴുവേലി പി.ഒ.	എലവംതിട്ട 117760356000025 13.11.2025 ൽ Rs. 16,26,304/-	Rs. 19,00,000/-	Rs. 1,90,000/-	ബിന്ദു വിനോദ് & വിനോദ് എന്നിവരുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോഴഞ്ചേരി താലൂക്കിൽ, കുളനട വില്ലേജിൽ, റീ സർവ്വെ നമ്പർ 1/9, 1/10-1 ൽ ഉൾപ്പെട്ട 24.29 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: ശ്രീധരൻ വക വസ്തു, **തെക്ക്**: ഉഷ വക വസ്തു, **പടിഞ്ഞാറ്**: സുര വക വസ്തു, **വടക്ക്**: കൊച്ചാരികുന്നേൽ വക വസ്തു.
11	(1) **അന്നമ്മ മാത്യു**, നാനവീട്ടിൽ പുത്തൻപറമ്പിൽ, കോഴഞ്ചേരി, (2) **ബൈജു മാത്യു അബ്രഹാം**, നാനവീട്ടിൽ പുത്തൻപറമ്പിൽ, കോഴഞ്ചേരി, (3) **ബിജു മാത്യു അബ്രഹാം**, നാനവീട്ടിൽ പുത്തൻപറമ്പിൽ, കോഴഞ്ചേരി	കോഴഞ്ചേരി 118960356000037, 118960356000025 13.11.2025 ൽ Rs. 1,36,69,286/- (Rs.79,24,730/- + Rs. 57,44,556/-)	Rs. 85,00,000/-	Rs. 8,50,000/-	ബിജു മാത്യു അബ്രഹാം പേരിൽ പത്തനംതിട്ട ജില്ലയിൽ, തിരുവല്ല താലൂക്കിൽ, തിരുവല്ല വില്ലേജിൽ റീ സർവ്വെ നമ്പർ 217/35 ൽ ഉൾപ്പെട്ട 2.80 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: തിരുവല്ല മുനിസിപ്പാലിറ്റി വക വസ്തു, **തെക്ക്**: സ്വകാര്യ വഴി, **പടിഞ്ഞാറ്**: കലീക്കൽ തോമസ് അബ്രഹാം വക വസ്തു, **വടക്ക്**: പോളച്ചിറയിൽ വക വസ്തു.
12	(1) **ബിജു മാത്യു അബ്രഹാം**, നാനവീട്ടിൽ പുത്തൻപറമ്പിൽ, കോഴഞ്ചേരി, (2) **മാത്യു അബ്രഹാം**, നാനവീട്ടിൽ പുത്തൻപറമ്പിൽ, കോഴഞ്ചേരി,	കോഴഞ്ചേരി 118960356000049, 118960356000053 13.11.2025 ൽ Rs. 1,55,06,732 (Rs.76,77,749/-+ Rs.78,28,983/-)	Rs. 1,10,00,000/-	Rs. 11,00,000/-	ബിജു മാത്യു അബ്രഹാം പേരിൽ പത്തനംതിട്ട ജില്ലയിൽ, തിരുവല്ല താലൂക്കിൽ, തിരുവല്ല വില്ലേജിൽ റീ സർവ്വെ നമ്പർ 217/7/1/1 ൽ ഉൾപ്പെട്ട 4.16 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: തോട്, **തെക്ക്**: തിരുവല്ല മുനിസിപ്പാലിറ്റി ബസ് സ്റ്റാന്റ്, **പടിഞ്ഞാറ്**: പനച്ചിമൂട്ടിൽ സണ്ണി അബ്രഹാം വക വസ്തു, **വടക്ക്**: വഴി.
13	(1) **ഡൊമിനിക്ക് കുര്യൻ**, പടിഞ്ഞാറെകൂറ്റ്, ചെങ്ങരൂർ പി.ഒ., മല്ലപ്പള്ളി, (2) **അബ്രഹാം**, എടശ്ശേരിൽ വീട്, തിരുവല്ല	കുന്നന്താനം 119160356000163 13.11.2025 ൽ Rs. 73,85,432/-	Rs. 10,00,000/-	Rs. 1,00,000/-	ഡൊമിനിക്ക് കുര്യൻ പേരിൽ പത്തനംതിട്ട ജില്ലയിൽ, മല്ലപ്പള്ളി താലൂക്കിൽ, മല്ലപ്പള്ളി വില്ലേജിൽ, റീ സർവ്വെ നമ്പർ 113/1 ൽ ഉൾപ്പെട്ട 33.40 ആർ സ്ഥലവും അതിലുള്ള സകലവിധ വകകളും. **അതിരുകൾ: കിഴക്ക്**: ഡൊമിനിക്ക് കുര്യൻ വക വസ്തു, **തെക്ക്**: പി.കെ തോമസ്, ഡൊമിനിക്ക് കുര്യൻ, വർഗ്ഗീസ് കുര്യൻ എന്നിവർ വക വസ്തു, **പടിഞ്ഞാറ്**: പഞ്ചായത്ത് റോഡ്, **വടക്ക്**: പി.കെ. തോമസ്, ഡൊമിനിക്ക് കുര്യൻ, വർഗ്ഗീസ് കുര്യൻ എന്നിവർ വക വസ്തു.
14	(1) **ശരണ്യ എസ്. കുറുപ്പ്**, തുണ്ടിൽ, കുറമ്പാല സൗത്ത് പി.ഒ., പന്തളം (2) **ശിവശങ്കരകുറുപ്പ്**, തുണ്ടിൽ, കുറമ്പാല സൗത്ത് പി.ഒ., പന്തളം, (3) **അരുൺദേവി**, തുണ്ടിൽ, കുറമ്പാല സൗത്ത് പി.ഒ., പന്തളം, (4) **ശരത്ത്കുമാർ എസ്.**, തുണ്ടിൽ, കുറമ്പാല സൗത്ത് പി.ഒ., പന്തളം	പന്തളം 120560471200150 13.11.2025 ൽ Rs. 8,27,110.50	Rs. 19,00,000/-	Rs. 1,90,000/-	ശരണ്യ എസ്. കുറുപ്പ് പേരിൽ പത്തനംതിട്ട ജില്ലയിൽ, അടൂർ താലൂക്കിൽ, കുറമ്പാല വില്ലേജിൽ റീ സർവ്വെ നമ്പർ 233/8-1 ൽ ഉൾപ്പെട്ട 5.34 ആർ സ്ഥലവും അതിലുള്ള സകലവിധ വകകളും. **അതിരുകൾ: കിഴക്ക്**: റോഡ് & ശരത്ത് കുമാർ വക വസ്തു, **തെക്ക്**: ശശിധരകുറുപ്പ് വക വസ്തു, **പടിഞ്ഞാറ്**: കുട്ടൻപിള്ള & സരസ്വതിയമ്മ വക വസ്തു, **വടക്ക്**: ശരത്ത്കുമാർ വക വസ്തു
15	(1) **റെൻസി സിബി**, മുക്കാട്ട് വീട്, കൈപ്പുഴ നോർത്ത്, കുളനട പി.ഒ., (2) **സിബി ആന്റണി**, മുക്കാട്ട് വീട്, കൈപ്പുഴ നോർത്ത്, കുളനട പി.ഒ.	ഉളനാട് 122360356000437 13.11.2025 ൽ Rs. 86,50,312/-	Rs. 46,00,000/-	Rs. 4,60,000/-	റെൻസി സിബി പേരിൽ പത്തനംതിട്ട ജില്ലയിൽ, കോഴഞ്ചേരി താലൂക്കിൽ, കുളനട വില്ലേജിൽ റീ സർവ്വെ നമ്പർ 119/3-2 ൽ ഉൾപ്പെട്ട 73.59 ആർ സ്ഥലവും അതിലുള്ള സകലവിധ വകകളും. **അതിരുകൾ: കിഴക്ക്**: ജെയിംസ് വക വസ്തു, **തെക്ക്**: റോയ് വക വസ്തു, **പടിഞ്ഞാറ്**: റോഡ് **വടക്ക്**: ജെയിംസ് വക വസ്തു
16	(1) **Late ആപ്പിൾ സാം ഫിലിപ്**, പറക്കലേത്ത് വീട്, ഈട്ടിച്ചുവട് പി.ഒ., റാന്നി. അന്തരിച്ച ആപ്പിൾ സാം ഫിലിപ് എന്നയാളെ പ്രതിനിധാനം ചെയ്ത് നിയമാനുസൃത അവകാശികളായ **(1a) ഹെൽഡ മാത്യൂസ്**, പറക്കലേത്ത് വീട്, ഈട്ടിച്ചുവട് പി.ഒ., റാന്നി. (അന്തരിച്ച ആപ്പിൾ സാം ഫിലിപ്പിന്റെ ഭാര്യ), **(1b) ആൽവിൻ ആപ്പിൾ സാം**, പറക്കലേത്ത് വീട്, ഈട്ടിച്ചുവട് പി.ഒ., റാന്നി (അന്തരിച്ച ആപ്പിൾ സാം ഫിലിപ്പിന്റെ മകൻ), **(1c) ആൻസൺ ആപ്പിൾ സാം**, പറക്കലേത്ത് വീട്, ഈട്ടിച്ചുവട് പി.ഒ., റാന്നി (അന്തരിച്ച ആപ്പിൾ സാം ഫിലിപ്പിന്റെ മകൻ), **(1d) ആസ്റ്റിൻ ആപ്പിൾ സാം**, പറക്കലേത്ത് വീട്, ഈട്ടിച്ചുവട് പി.ഒ., റാന്നി (അന്തരിച്ച ആപ്പിൾ സാം ഫിലിപ്പിന്റെ മകൻ)	റാന്നി 121360356000438 13.11.2025 ൽ Rs.67,33,665/-	Rs. 65,00,000/-	Rs. 6,50,000/-	ആപ്പിൾ സാം ഫിലിപ്പിന്റെ പേരിൽ പത്തനംതിട്ട ജില്ലയിൽ, റാന്നി താലൂക്കിൽ, അങ്ങാടി വില്ലേജിൽ, റീ.സർവ്വേ നമ്പർ 56/3ൽ ഉൾപ്പെട്ട 32.71 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: എം.ഒ. അബ്രഹാം, അന്നമ്മ മാത്യു എന്നിവർ വക വസ്തു, **തെക്ക്**: ആനന്ദൻ വക വസ്തു, **പടിഞ്ഞാറ്**: അശോകൻ വക വസ്തു, **വടക്ക്**: റോഡ്.
17	(1) **Late സാബു ജോസഫ്**, പുതുപറമ്പിൽ വീട്, കക്കുടുമൺ പി.ഒ., റാന്നി. (2) **Late പി.ജെ. ജോസഫ്**, പുതുപറമ്പിൽ വീട്, കക്കുടുമൺ പി.ഒ., റാന്നി. അന്തരിച്ച സാബു ജോസഫ് എന്നയാളെ പ്രതിനിധാനം ചെയ്ത് നിയമാനുസൃത അവകാശികളായ, **(1a) വൽസമ്മ സാബു**, പുതുപ്പറമ്പിൽ വീട്, കക്കുടുമൺ പി.ഒ., റാന്നി. **(1b) മെറിൻ സാബു**, പുതുപ്പറമ്പിൽ വീട്, കക്കുടുമൺ പി.ഒ., റാന്നി. **(1c) അക്സ സാബു**, പുതുപ്പറമ്പിൽ വീട്, കക്കുടുമൺ പി.ഒ, റാന്നി. **(1d) ഡോണ സാബു**, പുതുപ്പറമ്പിൽ വീട്, കക്കുടുമൺ പി.ഒ, റാന്നി. അന്തരിച്ച പി.ജെ. ജോസഫ് എന്നയാളെ പ്രതിനിധാനം ചെയ്ത് നിയമാനുസൃത അവകാശികളായ, **(2a) ഷിബു ജോസഫ്**, പുതുപ്പറമ്പിൽ വീട്, കാഞ്ചിയാർ പി.ഒ, പള്ളിക്കവല, ഇടുക്കി (അന്തരിച്ച ശ്രീ. പി.ജെ ജോസഫിന്റെ മകൻ), **(2b) ജെസ്സി**, മണിയമ്പാറ വടക്കേതിൽ വീട്, കരിമ്പനക്കുഴി, ചെറുകുളഞ്ഞി പി.ഒ., റാന്നി (അന്തരിച്ച ശ്രീ. പി. ജെ. ജോസഫിന്റെ മകൾ), **(2c) ഷെർളി**, ചെറുപേരിൽ വീട്, ചാത്തംകരി പി.ഒ., തിരുവല്ല. (അന്തരിച്ച ശ്രീ. പി. ജെ. ജോസഫിന്റെ മകൾ)	റാന്നി 121360356000363 13.11.2025 ൽ Rs.54,61,189/-	Rs. 62,00,000/-	Rs. 6,20,000/-	പി.ജെ. ജോസഫിന്റെ പേരിൽ പത്തനംതിട്ട ജില്ലയിൽ, റാന്നി താലൂക്കിൽ, അത്തിക്കയം വില്ലേജിൽ, റീ സർവ്വേ നമ്പർ 781/1-16-2ൽ ഉൾപ്പെട്ട 26.30 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: പുല്ലംപള്ളിൽ വക വസ്തു, **തെക്ക്**: പൂമൂട്ടിൽ ടി.ഡി. ജോയ്, ഉദയൻ കുറുപ്പയിൽ എന്നിവർ വക വസ്തു, **പടിഞ്ഞാറ്**: എടമൺ- കുന്നമ്പള്ളി റോഡ്, **വടക്ക്**: എടക്കുന്നത്ത് രവീന്ദ്രൻ വക വസ്തു.
18	(1) **ഷാജി വി.എ.**, വെള്ളാപ്പള്ളിൽ, അംഗൻമൂഴി പി.ഒ., സീതത്തോട്. (2) **ആശമോൾ**, വെള്ളാപ്പള്ളിൽ, അംഗൻമൂഴി പി.ഒ., സീതത്തോട്.	സീതത്തോട് 121560356000025 13.11.2025 ൽ Rs. 18,07,536/-	Rs. 14,00,000/-	Rs. 1,40,000/-	ഷാജി വി.എ.യുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, കോന്നി താലൂക്കിൽ, സീതത്തോട് വില്ലേജിൽ, റീ സർവ്വേ നമ്പർ 1199/1 ൽ ഉൾപ്പെട്ട 02.02 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: അനസ് വി.എ., **തെക്ക്**: സിങ് എസ് എസ് കോട്ടേജ് വക വസ്തു, **പടിഞ്ഞാറ്**: മോഹനൻ വക വസ്തു, **വടക്ക്**: പി.ഡബ്ല്യൂ.ഡി. റോഡ്.
19	(1) **ലീന ജോയ്**, മാമ്പൊഴിയിൽ വീട്, തോമ്പിക്കണ്ടം പി.ഒ., ഇടമുറി, (2) **ജോയ് ജോൺ**, മാമ്പൊഴിയിൽ വീട്, തോമ്പിക്കണ്ടം പി.ഒ., ഇടമുറി, (3) **ദീപക് പി.**, ദീപക്കില്ലം, കൂടൽ നഗർ	വെച്ചൂച്ചിറ 122760356001652 13.11.2025 ൽ Rs. 10,46,971/-	Rs. 14,00,000/-	Rs. 1,40,000/-	ലീന ജോയിയുടെ പേരിൽ പത്തനംതിട്ട ജില്ലയിൽ, റാന്നി താലൂക്കിൽ, ചേത്തക്കൽ വില്ലേജിൽ റീ സർവ്വേ 781/1-1/1 ൽ ഉൾപ്പെട്ട 3.08 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: ജോയ് ജോൺ വക വസ്തു. **തെക്ക്**: പി.ഡബ്ല്യൂ.ഡി റോഡ്, **പടിഞ്ഞാറ്**: അമ്മിണി പ്രകാശ്, **വടക്ക്**: ജോയ് ജോൺ വക വസ്തു.
20	(1) **ജയൻ എസ്.എൻ**, ശിവ വിലാസം, മുത്തൂർ പി.ഒ., തിരുവല്ല. (2) **ലത ജയൻ**, ശിവ വിലാസം, മുത്തൂർ പി.ഒ., തിരുവല്ല.	തിരുവല്ല 121960356001657 13.11.2025 ൽ Rs. 11,32,655/-	Rs. 5,70,000/-	Rs. 57,000/-	ജയൻ എസ്.എൻ. ന്റെ പേരിൽ പത്തനംതിട്ട ജില്ലയിൽ, തിരുവല്ല താലൂക്കിൽ, കുട്ടപ്പുഴ വില്ലേജിൽ, റീ സർവ്വേ 145/19ൽ ഉൾപ്പെട്ട 01.57 ആർ സ്ഥലവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: ശ്രീധരൻ വക വസ്തു, **തെക്ക്**: ഗോപാലകൃഷ്ണൻ വക വസ്തു, **പടിഞ്ഞാറ്**: റോഡ്, **വടക്ക്**: രാജേന്ദ്രൻ വക വസ്തു.
21	(1) **സുലേഖ അബൂബക്കർ**, പൈനുംമൂട്ടിൽ മലയിൽ, മുത്തൂർ പി.ഒ., (2) **അബൂബക്കർ പി.എസ്**, പൈനുംമൂട്ടിൽ മലയിൽ, മുത്തൂർ പി.ഒ.,	തിരുവല്ല 121960356000443 13.11.2025 ൽ Rs. 25,53,841/-	Rs. 10,70,000/-	Rs. 1,07,000/-	അബൂബക്കർ പി.എസ്.ന്റെ പേരിൽ പത്തനംതിട്ട ജില്ലയിൽ, തിരുവല്ല താലൂക്കിൽ, കുട്ടപ്പുഴ വില്ലേജിൽ, റീ.സർവ്വേ 14/2-7 ൽ ഉൾപ്പെട്ട 2.40 ആർ വസ്തുവും അതിലുള്ള സകല വകകളും. **അതിരുകൾ: കിഴക്ക്**: സുലേഖ വക വസ്തു, **തെക്ക്**: പ്രദീപ് വക വസ്തു, **പടിഞ്ഞാറ്**: സുകുമാരൻ വക വസ്തു, **വടക്ക്**: സലിം.

വിൽപ്പനയെക്കുറിച്ചുള്ള വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ബാങ്കിന്റെ വെബ്സൈറ്റായ **www.kerala.bank.in**, സർവ്വീസ് പ്രൊവൈഡറായ C1 India Pvt. Ltd ന്റെ ഇ-ഓക്ഷൻ വെബ്സൈറ്റായ **https://www.bankeauctions.com** എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ (Contact Details: **ഫോൺ: +91-124-4302020/21/22, +91-7291981124/1125/1126, Email id-support@bankeauctions.com**), ബാങ്കിന്റെ ആലപ്പുഴ റീജിയണൽ ഓഫീസ്, മുനിസിപ്പൽ ടൗൺ ഹാളിന് എതിർവശം, ആലപ്പുഴ - 688001 മായോ, ക്രെഡിറ്റ് പ്രോസ്സസ്സിംഗ് സെന്റർ പത്തനംതിട്ടയുമായോ ബന്ധപ്പെടേണ്ടതാണ്. **Email id: alpro@keralabank.co.in, alprorecovery@keralabank.co.in, ptacpc@keralabank.co.in : Phone (RO) 0477-2251682,1683,1684, (CPC-Pathanamthitta) 0468 -2222271,5342,1705,1675.**

സ്ഥലം: ആലപ്പുഴ, തീയതി: 15.12.2025

(ഒപ്പ്) അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ, കേരള സംസ്ഥാന സഹകരണ ബാങ്ക്

കോഴഞ്ചേരി പുതിയ പാലം മാർച്ചിൽ പൂർത്തിയാകും

കോഴഞ്ചേരി

നിർമാണം പുരോഗമിക്കുന്ന കോഴഞ്ചേരി പുതിയ പാലം

തിരുവല്ല–കുമ്പഴ റോഡിൽ കോഴഞ്ചേരിയിൽ പഴയ പാലത്തിന് സമാന്തരമായി നിർമിക്കുന്ന പുതിയ പാലം അതിവേഗം പുരോഗമിക്കുന്നു. മാർച്ചിൽ നിർമാണം പൂർത്തിയാകുമെന്ന് പൊതുമരാമത്ത് വിഭാഗം അറിയിച്ചു. പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും സാന്നിധ്യത്തിൽ വ്യാഴാഴ്ച കൂടിയ അവലോകന യോഗത്തിൽ പാലം നിർമാണം വേഗത്തിൽ പൂർത്തിയാക്കാൻ തീരുമാനിച്ചു.

തോട്ടപ്പുഴശ്ശേരി പഞ്ചായത്ത് ഓഫീസിനുമുന്നിൽ നിന്നാരംഭിച്ച് കോഴഞ്ചേരി വണ്ടിപ്പേട്ടയിലെത്തുന്ന പുതിയ റോഡിൽ പമ്പയാറിന് കുറുകെ നിർമിക്കുന്ന പുതിയ പാലത്തിന് 198.8 മീറ്റർ നീളവും ഇരുവശത്ത് നടപ്പാതയോടെ 12 മീറ്റർ വീതിയും ഉണ്ടാകും.

നദിക്ക് കുറുകെ 32 മീറ്റർ നീളത്തിൽ നാല് സ്പാനുള്ള ആർച്ച് ബ്രിഡ്ജും ഇരുകരകളിലുമായി 23.6 മീറ്റർ നീളത്തിൽ മൂന്ന് ലാൻഡ് സ്പാനുകളുമായാണ് പാലം. ഇനി പൂർത്തിയാവാനുള്ളത് നദിയിലെ സെൻട്രൽ സ്പാൻ മാത്രമാണ്. ഇതിന്റെ പണി പുരോഗമിക്കുകയാണ്.

മാരാമൺ ഭാഗത്തെ സർവീസ് റോഡിന്റെ സംരക്ഷണ ഭിത്തിയുടെയും അപ്രോച്ച് റോഡിന്റെ ഇരുവശങ്ങളിലെയും സംരക്ഷണ ഭിത്തികളുടെ പണിയും പൂർത്തിയായി. ഈ ഭാഗത്തെ അപ്രോച്ച് റോഡ് മണ്ണിട്ടുയർത്തി നിരപ്പാക്കി. കോഴഞ്ചേരി ഭാഗത്തെ അപ്രോച്ച് റോഡിന്റെ പണി പുരോഗമിക്കുകയാണ്. ഇവിടുത്തെ രണ്ട് സംരക്ഷണ ഭിത്തികളുടെയും പണി ഏകദേശം പൂർത്തിയായി. ഈ ഭാഗത്തെ അപ്രോച്ച് റോഡിന്റെ പണിയും പുരോഗമിക്കുന്നു. വരുന്ന ജനുവരി അവസാനത്തോടെ പാലത്തിന് ഇരുവശങ്ങളിലുമുള്ള അപ്രോച്ച് റോഡുകളുടെ പണി പൂർത്തിയാകും.

പുതിയ പാലത്തിലേക്ക് കോഴഞ്ചേരി ഭാഗത്ത് 90 മീറ്ററും തോട്ടപ്പുഴശ്ശേരി ഭാഗത്ത് 390 മീറ്ററുമാണ് അപ്രോച്ച് റോഡുകളുടെ നീളം. പുതിയ പാലം പൂർത്തിയാകുന്നതോടെ നിലവിലുള്ള സംസ്ഥാനപാതയായ തിരുവല്ല –കുമ്പഴ റോഡിൽ കോഴഞ്ചേരി ടൗണിലെ ഗതാഗതകുരുക്കിന് പരിഹാരമാകും.

ഇലന്തൂർ കോളേജിൽ ദേശീയ സെമിനാർ

പത്തനംതിട്ട

ഇലന്തൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് സുവോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ദേശീയ സെമിനാർ തുടങ്ങി. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി സയന്റിസ്റ്റ് ഡോ. ആർ ജ്യോതി ബാബു ഉദ്ഘാടനം ചെയ്തു. ഡോ. ജിജു വി ജേക്കബ് അധ്യക്ഷനായി. എം ഹയർന്നിസ, എം ഹരികുമാർ, ഡോ. വിൻസ് തോമസ്, എസ് സുഭാഷ് നായർ, സാന്ദ്രാ പ്രമോദ്, ഡോ. ശിൽപ നാരായണൻ എന്നിവർ സംസാരിച്ചു. വെള്ളിയാഴ്ച സെമിനാർ സമാപിക്കും.

ഇലന്തൂർ ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ ദേശീയ സെമിനാർ ഡോ. ആർ ജ്യോതി ബാബു ഉദ്ഘാടനം ചെയ്യുന്നു

ചക്കുളത്തുകാവിൽ നാരീപൂജ ഇന്ന്

തിരുവല്ല

ചക്കുളത്തുകാവ് ശ്രീഭഗവതി ക്ഷേത്രത്തിൽ നാരീപൂജ വെള്ളിയാഴ്ച രാവിലെ 9.30ന് നടക്കും. പൊങ്കാലയ്ക്ക് ശേഷമുള്ള പ്രധാന ചടങ്ങായതിനാൽ ക്ഷേത്രത്തിലേക്ക് തീർഥാടകർ എത്തിതുടങ്ങി. ക്ഷേത്ര കാര്യദർശി മണിക്കുട്ടൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ മുഖ്യകാര്യദർശി രാധാകൃഷ്ണൻ നമ്പൂതിരി നാരീപൂജ ഉദ്ഘാടനം ചെയ്യും. മേൽശാന്തിമാരായ അശോകൻ നമ്പൂതിരി, രഞ്ജിത്ത് ബി നമ്പൂതിരി, ദുർഗാദത്തൻ നമ്പൂതിരി എന്നിവർ സഹകാർമികത്വം വഹിക്കും.

പന്ത്രണ്ടു നോമ്പ് ഉത്സവത്തിന്റെ ഭാഗമായി ദിവസവും വൈകിട്ട് 6.30 ന് തിരുവാതിരക്കളി നടക്കും. 20ന് രാത്രി 7.30 ന് നൃത്തസന്ധ്യ. 21ന് രാത്രി 7.30 ന് കുത്തിയോട്ടം. 22 ന് രാത്രി 7.30 ന് ഭരതനാട്യം . 23 ന് ഭാഗവത സപ്താഹയജ്ഞം സമാപനം. രാത്രി 8.30 ന് കുത്തി യോട്ടം. 24 ന് രാത്രി 7.30 ന്. ചെണ്ടമേളം ഫ്യൂഷൻ. 25 ന് രാത്രി 7.30 ന് നാഗവല്ലി മനോഹരി അവതരണം ജയകേരള ചങ്ങനാശേരി. 26 ന് 9.30 ന് കലശാഭിഷേകം, 2.30 ന് ക്ഷേത്ര കാര്യദർശി മണിക്കുട്ടൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ കാവുംഭാഗം തിരു ഏറാങ്കാവ് ക്ഷേത്രത്തിൽ നിന്ന് തിരുവാഭരണ ഘോഷയാത്ര നടക്കും. രാത്രി 7.30 ന് ജപലഹരിഭക്തിഗാനസുധ അവതരണം. 9.30 ന് തിരുവാ ഭരണം ചാർത്തി സർവ മംഗളാരതി ദീപാരാധന. തുടർന്ന് പള്ളിവേട്ട. സമാപന ദിവസമായ 27 ന് രാവിലെ 6.30 ന് പള്ളിയുണർത്തൽ, ഗണപതി ഹോമം. 9.30 ന് കാവടികരകം, എണ്ണക്കുടം വരവ്, 11.30 ന് ചക്കരകുളത്തിൽ ആറാട്ടും കൊടിയിറക്കവും. തുടർന്ന് മഞ്ഞനീരാട്ടും നടക്കും. വൈകിട്ട് 6.30 ന് താലപ്പൊലി ഘോഷയാത്ര, ചമയകൊടിയിറക്ക് 7.30 ന് ഫ്യൂഷൻ മ്യൂസിക് ബാൻഡ് എന്നിവ നടക്കും. പന്ത്രണ്ട് നോമ്പ് ഉത്സവ ത്തോടനുബന്ധിച്ച് ദിവസവും പ്രസാദമൂട്ട് ഉണ്ടായിരിക്കും.

അമ്മയും കുഞ്ഞും
കേരളത്തിലെ ഏറ്റവും വലിയ പ്രസവാനന്തര പരിചരണ സ്ഥാപനത്തിലേക്ക് നിങ്ങൾക്കും തൊഴിലവസരം
സ്ത്രീകൾക്ക് ഉടൻ നിയമനം
8281809999

ഇനി വീട്ടിലിരുന്ന് ദേശാഭിമാനിയിൽ പരസ്യം നൽകാം
ആർ സി ബുക്ക്, പാസ്പോർട്ട്, എസ് എസ് എൽ സി ബുക്ക്, +2 സർട്ടിഫിക്കറ്റ്, ആധാരം നഷ്ടപ്പെട്ടു, വൈവാഹികം, വിവാഹം, വിവാഹ വാർഷികം, ജന്മദിനാശംസകൾ, ചരമം, ചരമവാർഷികം, ചെയ്ഞ്ച് ഓഫ് നെയിം തുടങ്ങിയ പരസ്യങ്ങൾ നൽകുന്നതിനായി വിളിക്കുക.
ഫോൺ:
9447118091
രാവിലെ 10 മുതൽ വൈകിട്ട് 6 വരെ
പരസ്യത്തിനുള്ള മാറ്ററും ചിത്രവും പണമടച്ചതിന്റെ സ്ക്രീൻഷോട്ടും മുകളിലുള്ള നമ്പരിലേക്ക് വാട്ട്സാപ്പ് ചെയ്യുക
പണം അടയ്ക്കാൻ ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക
ദേശാഭിമാനി
പ്രബുദ്ധ കേരളത്തിന്റെ ശബ്ദം
deskktm@gmail.com

Copyrights © 2025. All Right Reserved.